**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 377** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിലെ വൈവിധ്യവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളിൽ വരുത്തിയിട്ടുള്ള വൈവിധ്യവൽക്കരണം എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ശാസ്ത്രീയവും നൂതനവുമായ ജൈവ മാലിന്യ സംസ്കരണ വിദ്യകളിലെ പരിശീലനം, അജൈവ മാലിന്യങ്ങൾ അവയുടെ പുന:ചംക്രമണ മൂല്യത്തിനനുസരിച്ച് തരംതിരിച്ച് ശേഖരിക്കുക, അജൈവ പാഴ് വസ്തുക്കൾ ഉപയോഗിച്ച് ബാഗ്, കാർപ്പെറ്റ് മുതലായവ നിർമ്മിച്ച് സ്വാപ് ഷോപ്പുകളിലൂടെ വിപണനം ചെയ്യുക , ശേഖരിക്കുന്ന കേടായ ഇലക്ട്രിക് ഉപകരണങ്ങളും മറ്റും റിപ്പയർ ഷോപ്പുകൾ വഴി റിപ്പയർ ചെയ്ത് വിപണനം നടത്തുക എന്നിവകളിലൂടെ സേന അംഗങ്ങളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനാവശ്യമായ പരിശീലനം നൽകിവരുന്നു. പ്രധാനപ്പെട്ട വൈവിധ്യവത്കരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• ഗാർഹിക ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പരിപാലനം<br>• ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഇനോക്കുലം ഉത്പാദനവും വിതരണവും<br>• പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നടത്തിപ്പ്<br>• പ്ലാസ്റ്റിക്ക് ബദൽ ഉത്പനങ്ങളുടെ ഉത്പാദനം<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന പൊതു പരിപാടികളുടെ ഹരിത ചട്ടപാലനം<br>• പേപ്പർ -തുണി ബാഗുകളുടെ നിർമ്മാണം<br>• ഹരിത പച്ചക്കറി തോട്ടം |

| | | | |
|---|---|---|---|
| (ബി) | ഹരിതകർമ്മസേന മുഖേന സ്വീകരിക്കുന്ന തുക എന്തെല്ലാം സേവനങ്ങൾ നൽകാനാണ് വിനിയോഗിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | യൂസർ ഫീ ഇനത്തിൽ ശേഖരിക്കുന്ന തുകയുടെ 10 ശതമാനം തുക, ഹരിതകർമ്മ സേനാംഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കും ആരോഗ്യ ഇൻഷ്വറൻസ് പ്രീമിയം ഒടുക്കുന്നതിനും പരിശീലനം നൽകുന്നതിനുമൊക്കെ ഉപയോഗിക്കുന്നതിനുള്ള, കൺസോർഷ്യം കോർപ്പസ് ഫണ്ടായി മാറ്റി വച്ച ശേഷം ബാക്കി തുക അതാത് ഹരിതകർമ്മ സേനാംഗങ്ങൾക്ക് വീതിച്ച് കൊടുക്കുകയാണ് ചെയ്യുന്നത്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും ഹരിതകർമ്മസേന മുഖേന ശേഖരിച്ച യൂസർ ഫീ എത്രയാണെന്ന് അറിയിക്കുമോ; | (സി) | വിവരം ശേഖരിച്ച് വരുന്നു. |
| (ഡി) | ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ഡി) | ഹരിതകർമ്മസേന വഴി ഉറവിടത്തിൽ തരംതിരിച്ച് ശേഖരിക്കുന്ന അജൈവ മാലിന്യം വാർഡുതലത്തിൽ സ്ഥാപിച്ചിട്ടുള്ള മിനി എം.സി.എഫ്-കളിലോ തദ്ദേശ സ്ഥാപനതലത്തിൽ സ്ഥാപിച്ചിട്ടുള്ള എം.സി.എഫ്, ആർ.ആർ.എഫ് എന്നിവയിലോ എത്തിച്ച് അവയുടെ പുന:ചംക്രമണ മൂല്യം അനുസരിച്ച് രണ്ടാം തരംതിരിവ് നടത്തി അവയുടെ മൂല്യത്തിനനുസരിച്ച് ക്ലീൻ കേരള കമ്പനി മുഖേനയോ അംഗീകൃത പ്രൈവറ്റ് ഏജൻസി മുഖേനയോ പുനരുപയോഗത്തിനോ, പുന:ചംക്രമണത്തിനോ കൈമാറിവരുന്നു. പുനരുപയോഗമോ പുന:ചംക്രമണമോ ചെയ്യാനാകാത്ത മാലിന്യങ്ങൾ സിമന്റ് ഫാക്ടറികളിൽ ഇന്ധനമായും ഉപയോഗിച്ച് വരുന്നു.<br><br>ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ 21,534 മിനി എം.സി.എഫ്-കൾ, 1344 എം.സി.എഫ്-കൾ, 192 ആർ.ആർ.എഫ്-കൾ എന്നിവ (നിർമ്മാണത്തിലിരിക്കുന്നത് ഉൾപ്പെടെ) സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. |
| (ഇ) | ശേഖരിച്ച മാലിന്യങ്ങൾ പൂർണ്ണമായും സംസ്കരിക്കാൻ കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ? | (ഇ) | നിലവിൽ ഹരിതകർമ്മ സേന മുഖേന ശേഖരിക്കുന്ന മാലിന്യം പൂർണ്ണമായും സംസ്കരണത്തിന് കൈമാറുന്നുണ്ട്. തരംതിരിവിന് ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ വച്ചിട്ടുള്ള ,ക്ലീൻ കേരള കമ്പനിയും ശുചിത്വ മിഷനും എംപാനൽ ചെയ്ത 42 സ്വകാര്യ അംഗീകൃത ഏജൻസിക്ക് കൈമാറുന്ന അജൈവ മാലിന്യത്തിൽ നിന്നും പുനചംക്രമണ സാധ്യമായവ റീസൈക്ലിംഗിനായും അല്ലാത്തവ സിമന്റ് പ്ലാന്റുകളിലേക്ക് ശാസ്ത്രീയമായ സംസ്കരണത്തിന് നേരിട്ടും RDF രൂപേണയും പോകുന്നു. എന്നാൽ 100 |

| | | | |
|---|---|---|---|
| | | | ശതമാനം വാതിൽപ്പടിശേഖരണവും എല്ലാ വിഭാഗത്തിലും വരുന്ന പ്രത്യേക മാലിന്യങ്ങളുടെ സമാഹരണവും പൂർണ്ണമാകുന്നതോടെ നിലവിലുള്ള സംഭരണ സംവിധാനങ്ങളും സംസ്കരണ സംവിധാനവും വിപുലപ്പെടുത്തേണ്ടി വരും എന്നത് കണ്ടുകൊണ്ട് ഇതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ